കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - അസി.എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതുവരെ ഒന്നാം തരം ഓവർസിയർ/രണ്ടാം തരം ഓവർസീയർക്ക് പൂർണ്ണ അധികചുമതല നൽകുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ അധികാരപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്

സ.ഉ. (സാധാ) നം.3644/2017/തസ്വഭവ. തീയതി, തിരുവനന്തപുരം,10.11.2017

പരാമർശം:- 1 സ.ഉ(സാധാ)നം.3604/2017/തസ്വഭവ തീയതി 07.11.2017.

2 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 09.11.2017 ലെ ഡി.ബി3/5215/13/സി.ഇ/തസ്വഭവ നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം 76 അസി.എഞ്ചിനീയർമാരെ അസി.എക്സി.എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയതിനെത്തുടർന്ന് അസി.എഞ്ചിനീയർ തസ്തികയിലുണ്ടായ 76 ഒഴിവുകളും, ടി സ്ഥാനകയറ്റത്തിനു മുമ്പുള്ള 82 ഒഴിവുകളുമടക്കം മൊത്തം 158 ഒഴിവുകൾ അസി.എഞ്ചിനീയർ തസ്തികയിൽ നിലവിലുണ്ടെന്നും ഈ തസ്തികയിലെ ഉദ്യോഗസ്ഥരുടെ അഭാവം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും ആയതിനാൽ അസി.എഞ്ചിനീയർ മേലധികാരിയായിട്ടുള്ളതും ഒഴിവായിട്ടുള്ളതുമായ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ടി സ്ഥാപനത്തിലെ തന്നെ ഒന്നാം തരം ഓവർസീയർ/രണ്ടാം തരം ഓവർസീയർക്ക് അസി.എഞ്ചിനീയറുടെ പൂർണ്ണ അധികചുമതല നൽകി ഉത്തരവാകണമെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(2) പ്രകാരം അപേക്ഷിക്കുകയുണ്ടായി. കൂടാതെ ടി അധികചുമതലയുള്ള ഉദ്യോഗസ്ഥന് അസി.എഞ്ചിനീയർമാർക്ക് നിലവിലുള്ള അളവ് രേഖപ്പെടുത്തുന്നതിനുള്ള അനുമതിയും ട്രഷറിയിൽ നിന്നും ബിൽ മാറുന്നതിനുള്ള അനുമതിയും നൽകണമെന്നും ചീഫ് എഞ്ചിനീയർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. എഞ്ചിനീയറിംഗ് വിഭാഗത്തിൽ, അസി.എഞ്ചിനീയർ മേലധികാരിയായിട്ടുള്ള മുനിസിപ്പാലിറ്റികളിലും, പഞ്ചായത്തുകളിലും അസിസ്റ്റന്റ് എൻജിനീയറുടെ ഒഴിവ് നിലവിലുണ്ടെങ്കിൽ ടി ഒഴിവുകൾ നികത്തുന്നതുവരെ ടി സ്ഥാപനത്തിലെ തന്നെ ഒന്നാം തരം ഓവർസീയർ/രണ്ടാം തരം ഓവർസീയർക്ക് പ്രവർത്തികളുടെ അളവ് രേഖപ്പെടുത്തുന്നതിനും, ട്രഷറിയിൽ നിന്നും ബിൽ മാറുന്നതിനുള്ള അനുമതിയോടെ അസി.എഞ്ചിനീയറുടെ പൂർണ്ണ അധികചുമതല നൽകുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയരെ അധികാരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനിമോൾ എബ്രഹാം

അഡീഷണൽ സെക്രട്ടറി

1 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

2 എല്ലാ സെക്രട്ടറിമാർക്കും, ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)

3 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ/

4 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

Endtt No: DB3/5215/13/സി/ഇ/LSGD dtd 13/11/17

സെക്ഷൻ ഓഫീസർ

എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർമാരും, ഉത്തര/ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എൻജിനീയർമാരും മേൽ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ വേണ്ട ഉൾക്കണം നടത്തേണ്ടതാണ്.

ചീഫ് എൻജിനീയർ